ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# REGIONAL BULLETIN

**DATE: 16.03.2025** | പ്രധാന വാർത്തകൾ | **TIME : 12.30 PM**

1. ലഹരി മാഫിയയെ നിയന്ത്രിക്കുന്നതിൽ പൊലീസും എക്സൈസും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ; ലഹരിക്കെതിരെ ഒരുമിച്ച് പ്രവർത്തിക്കണമെന്നും ആഹ്വാനം.

2. ഇടുക്കി ഗ്രാമ്പിയിൽ ജനവാസമേഖലയിലിറങ്ങിയ കടുവയെ മയക്കുവെടിവയ്ക്കുവാനുള്ള ശ്രമം തുടരുന്നു; ദൗത്യം ഇന്ന് പൂർത്തിയാക്കാനായേക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

3. സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവമായ 'വർണ്ണപ്പകിട്ടിന്' ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും; മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും.

4. സംസ്ഥാനത്ത് വേനൽ ശക്തമാകുന്നു; ഇന്നലെ അൾട്രാവയലറ്റ് സൂചിക ഉയർന്നതോതിൽ രേഖപ്പെടുത്തിയത് ഏഴിടങ്ങളിൽ.

5. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കുടുങ്ങിയ സുനിതാ വില്യംസിനെ തിരികെയെത്തിക്കാനുള്ള ദൗത്യം മുന്നേറുന്നു; നാലംഗ സംഘം ബുധനാഴ്ച ഭൂമിയിലേക്ക്.

6. മാസ്റ്റേഴ്സ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് വെസ്റ്റിൻഡീസിനെ നേരിടും.

**********************************************

## മുഖ്യമന്ത്രി-പാസിംഗ് ഔട്ട് പരേഡ് (ഇൻട്രോ)

സംസ്ഥാനത്ത് ലഹരി മാഫിയയെ നിയന്ത്രിക്കുന്നതിൽ പൊലീസും എക്സൈസും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. തൃശൂർ രാമവർമപുരം പൊലീസ് അക്കാദമിയിൽ 31 B ബാച്ച് പൊലീസ് സബ് ഇൻസ്പെക്ടർമാരുടെ പാസിങ് ഔട്ട് പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ലഹരി മാഫിയക്കടിമപ്പെടുന്ന വ്യക്തിയെ അതിൽ നിന്ന് മുക്തമാക്കുക എന്നത് പൊലീസിന്റെയും പൊതുസമൂഹത്തിന്റെയും കടമയാണെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

(മുഖ്യമന്ത്രി വോയിസ്)

സൈബർ കുറ്റകൃത്യം നിയന്ത്രിക്കുന്നതിൽ കേരള പൊലീസ് രാജ്യത്തിന്റെ പ്രശംസ നേടിയിട്ടുള്ളതായി മുഖ്യമന്ത്രി പറഞ്ഞു.

******************************

## ഓപ്പറേഷൻ ഡി-ഹണ്ട്

സംസ്ഥാനത്ത് ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി കഴിഞ്ഞ ദിവസം നടത്തിയ പ്രത്യേക പരിശോധനയിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2,362 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 222 കേസുകൾ രജിസ്റ്റർ ചെയ്തു. 234 പേരാണ് ഇതുവരെ അറസ്റ്റിലായത്.

******************************

## പി രാജീവ്

എല്ലാ സേവനങ്ങളും ഓൺലൈനായാൽ അഴിമതി കുറയുകയും സുതാര്യത ഉറപ്പാകുകയും ചെയ്യുമെന്ന് മന്ത്രി പി.

രാജീവ്. ആധുനികവത്കരണം നടപ്പാക്കുമ്പോഴുള്ള തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുമെന്ന് മന്ത്രി എറണാകുളത്ത് പറഞ്ഞു.

******************************

## ഹെഡ്‌ലൈൻ-2

### കടുവ- മന്ത്രി എ കെ ശശീന്ദ്രൻ (ഇൻട്രോ)

ഇടുക്കി വണ്ടിപ്പെരിയാർ ഗ്രാമ്പിയിലെ കടുവയെ മയക്കുവെടി വെച്ച് പിടികൂടാനുള്ള ദൗത്യവുമായി മുൻപോട്ട് എന്ന് മന്ത്രി എ കെ ശശീന്ദ്രൻ. ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന്റെ ഭാഗമായാണ് വനം വകുപ്പ് ഈ തീരുമാനത്തിലെത്തിയതെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. വനം വകുപ്പിന്റെ പ്രവർത്തങ്ങളിൽ പ്രദേശവാസികൾ സഹകരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയിസ്)

******************************

### സിയാൽ പുനരധിവാസം

കൊച്ചി വിമാനത്താവളത്തിനായി സ്ഥലമേറ്റെടുത്തപ്പോൾ വീടും പുരയിടവും നഷ്ടപ്പെട്ടവർക്കായി രൂപവത്ക്കരിച്ച രണ്ടാംഘട്ട പുനരധിവാസ പദ്ധതിയ്ക്ക് ഡയറക്ടർ ബോർഡ് അംഗീകാരം നൽകി. നേരത്തെയുള്ള പാക്കേജിൽ മതിയായ സംരക്ഷണം ലഭിക്കാത്തവർക്കാണ് രണ്ടാംഘട്ട പാക്കേജ്. മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിലാണ് രണ്ടാംഘട്ട പാക്കേജിന് രൂപം നൽകിയത്. കൊച്ചി വിമാനത്താവളത്തിനായി വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നേരത്തെ തന്നെ പുരനധിവാസ പാക്കേജ് നടപ്പാക്കിയിരുന്നു.

******************************

## ഹെഡ്‌ലൈൻ-5

### ക്രൂ–10

നാസയുടെ ക്രൂ–10, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഡോക്ക് ചെയ്തു. ഇതോടെ, യുഎസ് ബഹിരാകാശയാത്രികരായ സുനിത വില്യംസ്, ബുച്ച് വിൽമോർ അടക്കമുള്ള നാലംഗ സംഘം ഈ മാസം 19 ഭൂമിയിലേക്ക് മടങ്ങും. കഴിഞ്ഞ 9 മാസമായി ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന ഇവരെ തിരികെ എത്തിക്കാൻ സ്പേസ് എക്സും നാസയും സംയുക്തമായാണ് ദൗത്യം നടപ്പിലാക്കുന്നത്. ഇവരെത്തിയ ബോയിങ് സ്റ്റാർലൈനർ പേടകത്തിന് തകരാർ സംഭവിച്ചതിനാലാണ് മടക്ക യാത്ര നീണ്ടത്.

******************************

## ഹെഡ്‌ലൈൻ-4

### ചൂട്

സംസ്ഥാനത്ത് വേനൽ ശക്തമാകുന്നു. ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇന്ന് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ താപനില മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. കൊട്ടാരക്കര, കോന്നി, ചങ്ങനാശേരി, ചെങ്ങന്നൂർ, മൂന്നാർ, തൃത്താല, പൊന്നാനി എന്നീ ഏഴിടങ്ങളിലാണ് ഇന്നലെ അൾട്രാവയലറ്റ് സൂചിക ഉയർന്നതോതിൽ രേഖപ്പെടുത്തിയത്. അതെസമയം, ചിലയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്കും സാധ്യത.

******************************

## ഹെഡ്‌ലൈൻ-3

## ട്രാൻസ്ജെൻഡർ ഫെസ്റ്റ് (ഇൻട്രോ)

സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവമായ 'വർണ്ണപ്പകിട്ടിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം 5 മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ആർ ബിന്ദു ട്രാൻസ്ജൻഡർ ഫെസ്റ്റ് ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി രജു കോലിയക്കോട്...**

(വോയിസ്)

******************************

## സെക്രട്ടറിയേറ്റ് ഉപരോധം - ആശ പ്രവർത്തകർ

സെക്രട്ടറിയേറ്റിന് മുന്നിലെ ആശാ വർക്കർമാരുടെ സമരം 35-ാം ദിവസത്തിൽ. രാപകൽ സമരത്തിന്റെ തുടർച്ചയായി, നാളെ സെക്രട്ടറിയേറ്റ് ഉപരോധിക്കുമെന്ന് സമരക്കാർ അറിയിച്ചു. അതേസമയം, നാളെ ആശ പ്രവർത്തകർക്ക് പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ, പാലിയേറ്റീവ് കെയർ ഗ്രിഡ് എന്നിവയെ സംബന്ധിച്ച പരിശീലനം നല്കാൻ ആരോഗ്യവകുപ്പ് ജില്ലാ പ്രോഗ്രാം മാനേജർ മുഖേന നോട്ടീസ് നൽകി.

******************************

ഹെഡ്ലൈൻ-6

## മാസ്റ്റേഴ്സ് ക്രിക്കറ്റ്

മാസ്റ്റേഴ്സ് ക്രിക്കറ്റിന്റെ ഫൈനലിൽ ഇന്ന് ഇന്ത്യ-വെസ്റ്റ് ഇൻഡീസിനെ നേരിടും. ഇന്ത്യൻ ടീമിനെ സച്ചിൻ തെണ്ടുൽക്കറും, വെസ്റ്റ് ഇൻഡീസിനെ ബ്രയാൻ ലാറയുമാണ് നയിക്കുക. ട്വന്റി-20 ഫോർമാറ്റിലുള്ള മത്സരം രാത്രി 07.30 ന് റായ്പൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടക്കും.

******************************

## ഐഎസ്എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ഫൈനൽ മത്സരം ഏപ്രിൽ 12 ന് നടക്കും. വേദി പിന്നീട് തീരുമാനിക്കും. ഈ മാസം 29 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ മുംബൈ സിറ്റി എഫ് സി - ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും.

******************************

## റൈസീന സംഭാഷണം

ഈ വർഷത്തെ റൈസീന സംഭാഷണത്തിന് നാളെ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി, ന്യൂസീലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യും. നാളെ മുതൽ ബുധനാഴ്ച്ച വരെയാണ് റൈസീന സംഭാഷണത്തിന്റെ പത്താം പതിപ്പ് നടക്കുക. ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തികരംഗം എന്നീ മേഖലകളിലെ നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ചയാകും. കേന്ദ്ര വിദേശകാര്യമന്ത്രാലയം, ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ എന്നിവർ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

******************************

## ന്യൂസിലാൻഡ് - പ്രധാനമന്ത്രി

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ന്യൂസിലാന്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഇന്ന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. വിദേശകാര്യമന്ത്രി എസ് ജയശങ്കറുമായി ഇന്ന് അദ്ദേഹം കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ക്രിസ്റ്റഫർ ലക്സൺ നാളെ കൂടിക്കാഴ്ച നടത്തുന്നുണ്ട്. നാളെ നടക്കുന്ന

10-ാമത് റെയ്സീന ഡയലോഗ് 2025-ൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. സന്ദർശനത്തിനിടെ ന്യൂസിലൻറ് പ്രധാനമന്ത്രി മുംബൈയും സന്ദർശിക്കും.

******************************

## എ ആർ റഹ്മാൻ

ശാരീരിക അസ്വസ്ഥതയെ തുടർന്ന് സംഗീത സംവിധായകൻ എ ആർ റഹ്മാനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

******************************

## മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ

വോട്ടർ ഐഡിയും ആധാറും തമ്മിൽ ബന്ധിപ്പിക്കുന്നത് ചർച്ച ചെയ്യാൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പ്രത്യേക യോഗം വിളിച്ചു. മറ്റന്നാൾ നടക്കുന്ന യോഗത്തിൽ ആഭ്യന്തര സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, UIDAI സിഇഒ തുടങ്ങിയവർ പങ്കെടുക്കും. തെരഞ്ഞെടുപ്പ് പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് രാഷ്ട്രീയ പാർട്ടികൾക്ക് അടുത്ത മാസം 30-നകം നിർദ്ദേശങ്ങൾ സമർപ്പിക്കാമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

******************************

## കോഴിക്കോട് വാഹനാപകടം

കോഴിക്കോട് കുറ്റിയാടി- മൊകേരി റോഡിൽ നരിക്കൂട്ടും ചാലിൽ കാറും - ഇരു ചക്രവാഹനവും കൂട്ടിയിടിച്ച് ഇരു ചക്രവാഹന യാതക്കാരൻ മരിച്ചു. നരിക്കൂട്ടും ചാലിൽ സ്വദേശി രോഹിനാണ് മരിച്ചത്.

******************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്' ഈ മാസം 30 ന്. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കി ബാത്' കേൾക്കാം. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ സമർപ്പിക്കാവുന്നതാണ്.

*

***************

*********************************************